**നം.S2/69955/2009/DPI**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം**

തീയതി : 04.02.2010

## സർക്കുലർ

വിഷയം :- **പൊതുവിദ്യാഭ്യാസം - രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ - ഓൺലൈൻ ഡാറ്റാ ക്യാപ്ച്ചറിംഗ് അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും സ്കൂളുകളിലെ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ഭാരത സർക്കാർ നടപ്പിലാക്കുന്ന രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ പ്രയോജനം സംസ്ഥാനത്തെ സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനായി സ്കൂളുകളുടെ വിശദാംശങ്ങൾ സമർപ്പിക്കേണ്ടതുണ്ട്. സെക്കണ്ടറിതലംമുതലുള്ള സ്കൂളുകൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. പദ്ധതിയുടെ ഭാഗമാകുന്നതിന് സംസ്ഥാനത്തെ ഹൈസ്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ, സ്പെഷ്യൽ സ്കൂൾ, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ ഉൾപ്പെടെയുള്ള അംഗീകൃത അൺഎയ്ഡഡ് സ്കൂൾ തുടങ്ങിയ സ്കൂളുകളുടെ വിവരം ഓൺലൈനായി ശേഖരിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. www.semisonline.net എന്ന വെബ്സൈറ്റിൽ നിശ്ചിത മാതൃകയിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. സ്കൂളുകളിലെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് വിവിധ തലങ്ങളിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച നിർദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവാദിത്തത്തിൽ വിദ്യാഭ്യാസജില്ലയിലെ മുഴുവൻ സ്കൂളുകളുടേയും വിവരം ഓൺലൈനായി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. വിവരങ്ങൾ ഓൺലൈനായി നൽകുന്നതിന് പ്രിൻസിപ്പൽമാർക്കും ഹെഡ്മാസ്റ്റർമാർക്കും ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ ഒരുദിവസത്തെ പ്രത്യേക പരിശീലനം നൽകുന്നതാണ്. പരിശീലനത്തിൽ സ്കൂൾ പ്രിൻസിപ്പൽ / ഹെഡ്മാസ്റ്ററും സ്കൂളിലെ കമ്പ്യൂട്ടർ ഉപയോഗിക്കാൻ അറിയാവുന്ന ഒരു സ്റ്റാഫും പങ്കെടുക്കേണ്ടതാണ്. എല്ലാ സ്കൂളുകളിൽനിന്നും നിശ്ചിതദിവസം പരിശീലനത്തിൽ പങ്കെടുക്കുന്നതിന് നിർദേശിച്ചിട്ടുള്ളവരെ പരിശീലനത്തിൽ പങ്കെടുപ്പിക്കേണ്ടത് അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ചുമതലയാണ്.

3. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഒരാൾക്ക് പരമാവധി 50 രൂപാ വരെ ചെലവഴിക്കാവുന്നതാണ്.

4. ഓരോ സ്കൂളിന്റെയും വിവരം ഓൺലൈനായി സമർപ്പിക്കേണ്ടതിന്റെ ഉത്തരവാദിത്തം സ്കൂൾ പ്രഥമാദ്ധ്യാപകർക്കാണ്. നിശ്ചിത സമയത്തിനുള്ളിൽ ഡേറ്റ ഓൺലൈനായി സമർപ്പിക്കാതിരിക്കുന്നതും തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തുന്നതും കുറ്റകരമായ അനാസ്ഥയായി കണക്കാക്കുന്നതും ആയതിന് നടപടി സ്വീകരിക്കുന്നതുമാണ്.

5. ജില്ലയിലെ പരിശീലനം സംബന്ധിച്ച ക്രമീകരണങ്ങൾ നടത്തുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും ജില്ലയിലെ ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ മാസ്റ്റർ ട്രെയിനർമാരുടെയും സംയുക്തയോഗം വിദ്യാഭ്യാസ ഉപഡയറക്ടർ വിളിച്ചുചേർക്കേണ്ടതാണ്.

6. പരിശീലനത്തിൽ പങ്കെടുക്കുന്നവർ www.education.kerala.gov.in എന്ന വെബ്സൈറ്റിൽനിന്നും ഡാറ്റാ ക്യാപ്ച്ചറിംഗ് ഫോമിന്റെ പ്രിന്റൗട്ട് എടുത്ത് പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

7. പരീശീലനം സംബന്ധിച്ച പ്രവർത്തന കലണ്ടർ അനുബന്ധമായി ചേർക്കുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്പെഷ്യൽ ഓഫീസർ, ആർ.എം.എസ്.എ

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം (അറിവിലേക്ക്)

ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം (അറിവിലേക്ക്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ഹയർസെക്കണ്ടറി റീജിയണൽ ഡയറക്ടർമാർക്കും

എല്ലാ വൊക്കേഷണൽ ഹയർസെക്കണ്ടറി അസിസ്റ്റന്റ് ഡയറക്ടർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

ഐ.ടി@സ്കൂൾ പ്രോജക്ടിലെ എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും

എല്ലാ സ്കൂൾ പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്റർമാർക്കും.

## പരിശീലനം സംബന്ധിച്ച പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | തീയതി | പ്രവർത്തനം |
|---|---|---|
| 1. | 08.02.2010 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഡി.ഇ.ഒ, ഐ.ടി @സ്കൂൾ മാസ്റ്റർ ട്രെയിനർ, ഹയർസെക്കണ്ടറി കോർഡിനേറ്റർ എന്നിവരുടെ യോഗം |
| 2. | 10.02.2010,<br>11.02.2010,<br>15.02.2010 | ഹൈസ്കൂൾ, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ അധികൃതർക്ക് പരിശീലനം |
| 3. | 16.02.2010 | ഹയർസെക്കണ്ടറി സ്കൂൾ അധികൃതർക്ക് പരിശീലനം |
| 4. | 17.02.2010 | സി.ബി.എസ്.ഇ, ഐ.സി എസ്.ഇ സിലബസ് ഉപയോഗിക്കുന്ന സ്കൂൾ അധികൃതർക്ക് പരിശീലനം |